പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4609.  04/02/2014 -ൽ മറുപടിക്ക്

**കോഴിക്കോട്-കക്കോടി സബ് രജിസ്ട്രാർ ആഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കോഴിക്കോട് ജില്ലയിലെ കക്കോടി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കാനുള്ള നടപടിയുടെ പുരോഗതി വെളിപ്പെടുത്താമോ ; | എ) കക്കോടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി SoR-2012 പ്രകാരമുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുവാനുള്ള ശുപാർശ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിച്ചിരുന്നുവെങ്കിലും, സബ് രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിന് നടപ്പുസാമ്പത്തിക വർഷം, ഫണ്ടിന്റെ അപര്യാപ്തത മൂലം ഭരണാനുമതി നൽകുവാൻ കഴിഞ്ഞില്ല. കക്കോടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന് അടുത്ത സാമ്പത്തിക വർഷത്തെ ഫണ്ട് ലഭ്യതക്ക് വിധേയമായി പുതിയ ശുപാർശ സമർപ്പിക്കുവാൻ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) കക്കോടി സബ്-രജിസ്ട്രാർ ഓഫീസിന് ആവശ്യമായ സ്ഥലം സൗജന്യമായി നൽകിയ പെക്കിരാത്ത് അശോകൻ മേനോക്കിക്ക് ഭൂമി സൗജന്യമായി നൽകിയതിന് പകരം എന്തെങ്കിലും ഉറപ്പ് നൽകിയിരുന്നോ എന്ന് വെളിപ്പെടുത്താമോ ? | ബി) കക്കോടി സബ് രജിസ്ട്രാർ ആഫീസിന് ആവശ്യമായ സ്ഥലം സൗജന്യമായി നൽകിയ പെക്കിരാത്ത് അശോകൻ മേനോക്കിക്ക് ഭൂമി സൗജന്യമായി നൽകിയതിനു പകരമായി യാതൊരുറപ്പും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.